# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2349 — 09.03.2018 ലെ മറുപടി

## ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തിയ കോങ്ങാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് : | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി ജലസേചന പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ; | (എ) ഓരോ വർഷവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന SLSC യോഗത്തിൽ നിശ്ചയിക്കുന്ന സെക്ടറൽ അലോക്കേഷൻ വഴി ജലസേചന വകുപ്പിന് ലഭിക്കുന്ന വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പ്രവർത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കുന്നു. പ്രസ്തുത റിപ്പോർട്ടിൽ നബാർഡ് നിഷ്കർഷിച്ചിരിക്കുന്ന ലാന്റ് അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, ആയക്കട്ട് സർട്ടിഫിക്കറ്റ്, ഡിസൈൻ ഡീറ്റെയിൽസ്, ബെനഫിറ്റ് കോസ്റ്റ് റേഷ്യോ അനാലിസിസ് തുടങ്ങിയവ ഉണ്ടോയെന്ന് പരിശോധിച്ച ശേഷം ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നു.<br><br>നബാർഡ് പദ്ധതികൾക്കായുള്ള പ്രോഫോർമയിൽ പ്രവൃത്തികളുടെ മുൻഗണനാ പട്ടിക തയ്യാറാക്കി ധനകാര്യ വകുപ്പിന് അംഗീകാരത്തിനായി സമർപ്പിക്കുകയും അവിടെ നിന്നും നബാർഡിന്റെ ധനസഹായം ലഭിക്കുന്നതിലേക്കായി നബാർഡിലേക്ക് അയക്കുകയും ചെയ്യുന്നു. നബാർഡിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നല്കി പ്രസ്തുത പ്രവർത്തികൾ ഏറ്റെടുത്ത് നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കോങ്ങാട് മണ്ഡലത്തിലെ ഏതെങ്കിലും കുടിവെള്ള പദ്ധതി ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (ബി) | കോങ്ങാട് മണ്ഡലത്തിലെ മണ്ണൂർ, കേരളശ്ശേരി, മങ്കര എന്നീ പഞ്ചായത്തുകൾക്കായുള്ള 2530 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് ആർ.ഐ.ഡി.എഫ് XXIII ൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തിക്ക് സാങ്കേതികാനുമതിയും നല്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**